# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2628**      10.12.2014-ൽ മറുപടിക്ക്

## സംസ്ഥാനത്ത് ജീവിത ശൈലീരോഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതായി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശം കാരണം രോഗബാധയുണ്ടാകുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) ഭക്ഷ്യവസ്തുക്കളിലെ വിഷാംശവും പല തരത്തിലുള്ള രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. |
| (സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറി, മാംസം എന്നിവ പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ? | (സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ പച്ചക്കറികളിലുള്ള കീടനാശിനികൾ പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല. എന്നാൽ കടകമ്പോളങ്ങളിൽ നിന്നും ചെക്ക്പോസ്റ്റുകളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസിഡ്യു ടെസ്റ്റിംഗ് ലാബിൽ പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാംസം പരിശോധിക്കുന്നതിനുള്ള സംവിധാനം ഭക്ഷ്യസുരക്ഷാ ലാബുകളിലില്ല. |

സെക്ഷൻ ഓഫീസർ